പ്രകാരം ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഭാഗം (എ) കുടുംബത്തെ 'സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിയ്ക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ടയാളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കുപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കേണ്ടതാണ്.

(ഇ) ഉണ്ട്.

(എഫ്) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ ഏതെങ്കിലും കുടുംബം സ്ഥായിയായി കടക്കുകയാണെങ്കിൽ അത് പരിശോധിച്ച് ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അധികാരം ഗ്രാമസഭയ്ക്കുണ്ട്.

പെൺ ഭ്രൂണഹത്യ

18 (*666) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗർഭസ്ഥ ശിശുക്കളുടെ ലിംഗ നിർണ്ണയ പരിശോധനയും തുടർന്നുള്ള വിവേചനപരമായ ഗർഭച്ഛിദ്രവും നിയമവിധേയമാണോ ;

(ബി) ഇത്തരം പരിശോധനയും പെൺ ഭ്രൂണഹത്യയും കേരളത്തിൽ നിലവിൽ നിരോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിൽ ചില ആരോഗ്യസ്ഥാപനങ്ങൾ ഭീമമായ തുക ഫീസ് ഈടാക്കി ലിംഗനിർണ്ണയ പരിശോധനയും ഭ്രൂണഹത്യയും നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇഷ്ട സന്താനങ്ങളെ തിരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നതിനായി ചില ആരോഗ്യസ്ഥാപനങ്ങളുടെ വാണിജ്യപരമായ അവകാശങ്ങൾ വെബ്സൈറ്റിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേന്ദ്ര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള അഡ്വൈസറി ബോർഡിന് ഇനായി രപം നൽകയിട്ടുണ്ടോ ;

(എഫ്) പ്രസ്തുത വിഷയം സംബന്ധിച്ച് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംവിധാനമുണ്ടാകുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) അല്ല.

(ബി) പ്രി-നാറ്റൽ ഡയഗ്നോസ്റ്റിക് ടെക്നിക്സ് (റഗുലേഷൻ ആന്റ് പ്രിവൻഷൻ ഓഫ് മിസ്യൂസ്) ആക്ട് 1994 പ്രകാരം ഗർഭസ്ഥ ശിശുക്കളുടെ ലിംഗ നിർണ്ണയ പരിശോധനയും തുടർന്നുള്ള പെൺ ഭ്രൂണഹത്യയും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഉണ്ട്. ഫലപ്രദമായി നടപ്പിലാക്കുന്നതിന് പതിനാലു ജില്ലകളിലും അഡ്വൈസറി കമ്മിറ്റിയും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ ഉപയോഗിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ തലങ്ങളിൽ അഡ്വൈസറി കമ്മിറ്റികളും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇപ്പോൾ നിലവിലുണ്ട്.

ജുവനൈൽ ഹോമുകളുടെ പ്രവർത്തനം

19 (*667) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജുവനൈൽ ഹോമുകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പല ജുവനൈൽ ഹോമുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly